എൻ2/13980/2019/ഡി.ജി.ഇ

പൊതുവിദ്യഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി, /08/2019
ഫോൺ : 0471 2328438, 8330818477
ഇ-മെയിൽ : dgescholarship@gmail.com

## സർക്കുലർ-3

വിഷയം :- പൊതുവിദ്യാഭ്യാസം -- 100% കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ - (2019-20) ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു

സൂചന :-
1. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ വിജ്ഞാപനം /കത്ത് നമ്പർ 8-4/2019-എസ്.എസ് തീയതി, 17/07/2019.
2. കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കത്ത്/ നിർദ്ദേശങ്ങൾ.
3. കേന്ദ്ര സാമൂഹിക നീതി വകുപ്പ് മന്ത്രാലയത്തിന്റെ കത്ത് നം. 1726/17 തീയതി.19/07/2019
4. ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ തീയതി. 22/07/2019 & 29/07/2019

പൊതുവിദ്യാഭ്യാസ വകുപ്പുവഴി നടപ്പാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് (100%) അപേക്ഷ സമർപ്പിക്കുന്നതിനും സ്കൂളുകൾ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുമായുള്ള വിജ്ഞാപനം വിവിധ കേന്ദ്രമന്ത്രാലയങ്ങൾ സൂചനകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ്. യാതൊരു കാരണവശാലും, ഒരു സാഹചര്യത്തിലും, ഓഫ്ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2019 ഒക്ടോബർ 15**

സ്കൂളുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന (4) പ്രകാരം നൽകിയിട്ടുണ്ട് (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് പേജ് കാണുക).

**2019 ആഗസ്റ്റ് 20 ന് മുൻപ് എല്ലാ സ്കൂളുകളും നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്**

**ചുവടെ പറയുന്ന കേന്ദ്രാവിഷ്കൃത (100%) സ്കോളർഷിപ്പുകളാണ് പൊതുവിദ്യാഭ്യാസ വകുപ്പു വഴി നടപ്പാക്കുന്നത്.**

1. ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്
2. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്
3. നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്

മേൽപ്പറഞ്ഞ മൂന്ന് സ്കോളർഷിപ്പുകൾക്കും ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2019 ഒക്ടോബർ 15 ആണ്. ഒരു കാരണവശാലും അപേക്ഷ സമയം ദീർഘിപ്പിച്ചു നൽകുന്നതല്ല.

**കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുമ്പോൾ U-Dise കോഡ് ഉള്ള സ്കൂൾ മാത്രമേ കുട്ടികൾ സെലക്ട് ചെയ്യാവൂ. U-Dise രേഖപ്പെടുത്തിയ സ്കൂൾ അല്ലാത്തപക്ഷം കുട്ടികൾ സ്കൂളുമായി ബന്ധപ്പെടേണ്ടതാണ്.**

## സ്കോളർഷിപ്പുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ പറയുന്നു.

### I. ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്

മുസ്ലീം, ക്രിസ്ത്യൻ, ജൈനർ, ബുദ്ധർ, സിഖ്, പാഴ്സി എന്നീ ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുള്ളൂ. സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള പ്രൈവറ്റ് സ്കൂളികളിൽ 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

#### നിർദ്ദേശങ്ങൾ

1. അർഹരായ കുട്ടികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി മാത്രമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ. ഓഫ്‌ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.
2. അപേക്ഷകരായ കുട്ടികൾ ഉൾപ്പെടുന്ന കുടുംബത്തിന്റെ ആകെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കുറവായിരിക്കണം.
3. അപേക്ഷകരായ കുട്ടികൾക്ക് മുൻ വാർഷിക പരീക്ഷയിൽ 50% ൽ കൂടുതൽ മാർക്ക് ലഭിച്ചിട്ടുണ്ടായിരിക്കണം. (1-ാം ക്ലാസിലെ കുട്ടികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല).

4. ഒരു കുടുംബത്തിൽ നിന്നും 2 കുട്ടികൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹത യുണ്ടായിരിക്കുകയുള്ളൂ.
5. സ്കോളർഷിപ്പിന് ആദ്യമായി അപേക്ഷിക്കുന്ന കുട്ടികൾ ഫ്രഷ് (Fresh) അപേക്ഷ യും, കഴിഞ്ഞ വർഷം സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾ പുതുക്കൽ/റിന്യൂവൽ (Renewal) അപേക്ഷയും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

## 2. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്

കേന്ദ്ര സാമൂഹിക നീതി വകുപ്പ് ആണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള പ്രൈവറ്റ്/ഐ.സി.എസ്.ഇ,സി.ബി.എസ്.ഇ സ്കൂളുക ളിൽ 9,10 ക്ലാസുകളിൽ പഠിക്കുന്നവരും, 40% ലധികം ഭിന്നശേഷിക്കാരുമായ കുട്ടികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ **www.disabilityaffairs.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### നിർദ്ദേശങ്ങൾ

1. സർക്കാർ/എയ്ഡഡ് / മറ്റ് അംഗീകാരമുള്ള സ്കൂളുകൾ/സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിൽ 9,10 ക്ലാസുകളിൽ റഗുലർ ആയി പഠിക്കുന്നവരും, 40% ൽ കൂടുതൽ ഭിന്നശേഷിക്കാരുമായ കുട്ടികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്.
2. ഒരു കുടുംബത്തിലെ 2 കുട്ടികൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ.
3. തോറ്റശേഷം അതേ ക്ലാസിൽ തുടർന്നു പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടാവില്ല.
4. അംഗപരിമിതർ (ഭിന്നശേഷി) ക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് വാങ്ങുന്ന കുട്ടികൾ കേന്ദ്ര സർക്കാരിന്റെ മറ്റ് സ്കോളർഷിപ്പുകൾ വാങ്ങാൻ പാടുള്ളതല്ല.
5. അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടുന്ന കുടുംബത്തിന്റെ ആകെ വാർഷിക വരു മാനം രണ്ടര ലക്ഷം (2.50 ലക്ഷം) രൂപയിൽ കവിയാൻ പാടുള്ളതല്ല.
6. കഴിഞ്ഞ വർഷം (ക്ലാസ് 9) സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾ ഈ വർഷം സ്കോളർഷിപ്പ് പുതുക്കൽ (Renewal) അപേക്ഷയാണ് സമർപ്പിക്കേണ്ടത്.

## 3. നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്

കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയമാണ് ഈ സ്കോളർഷിപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. 2019 നവംബറിൽ എസ്.സി.ഇ.ആർ.ടി നടത്തിയ എൻ.എം.എം. സ്കോളർഷിപ്പ് യോഗ്യതാ പരീക്ഷയിൽ വിജയികളായ കുട്ടികൾക്ക് (3473 കുട്ടികൾ) ഈ സ്കോളർഷിപ്പിന് അപേക്ഷി ക്കാവുന്നതാണ്. ഇപ്പോൾ 9-ാം ക്ലാസിൽ പഠിക്കുന്നവരായ യോഗ്യതാ പരീക്ഷ വിജയിച്ച കുട്ടികൾ എൻ.എം.എം. സ്കോളർഷിപ്പിനുവേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന ഓൺലൈനായി ഫ്രഷ് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1. 2018-19 വർഷം (കഴിഞ്ഞവർഷം) ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും, ഇപ്പോൾ 10-ാം ക്ലാസിൽ പഠിക്കുന്നവരുമായ എല്ലാ കുട്ടികളും എൻ.എം.എം സ്കോളർഷിപ്പ് പുതുക്കുന്നതിനായി Renewal അപേക്ഷ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.
2. ഇപ്പോൾ 9-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി (2018 നവംബർ - പരീക്ഷ പാസായവർ) ഫ്രഷ് ആയി ഓൺലൈൻ അപേക്ഷ സമർപ്പിക്കുക.
3. നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ ന്യൂനപക്ഷ പ്രീ-മെട്രിക് ഉൾപ്പെടെ മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കാൻ പാടുള്ളതല്ല.
4. എൻ.എം.എം സ്കോളർഷിപ്പിന് അർഹത നേടിയ കുട്ടികളിൽ ആരെങ്കിലും ന്യൂന പക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെ മറ്റേതെങ്കിലും കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത ഓൺലൈൻ അപേക്ഷ പിൻവലിച്ച ശേഷം (Withdraw) എൻ.എം.എം സ്കോളർഷിപ്പ് ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5. എൻ.എം.എം സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾ പത്താം ക്ലാസ് പഠനത്തിന് ശേഷം ഡിപ്ലോമ/സർട്ടിഫിക്കേറ്റ് കോഴ്സുകൾക്ക് ചേർന്ന് പഠിച്ചാൽ തുടർന്ന് സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.
6. രജിസ്ട്രേഷന് ശേഷം ഐഡിയും, ജനന തീയതിയും ഉപയോഗിച്ച് Login to apply എന്ന ലിങ്ക് വഴി Login ചെയ്ത ശേഷം പുതിയ പാസ്‌വേഡ് എടുക്കേണ്ടതും തുടർന്ന് അപേക്ഷ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതുമാണ്.
7. ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുമ്പോൾ എസ്.സി/എസ്.ടി വിഭാഗം കുട്ടികൾ ഒഴികെ മറ്റു കുട്ടികൾ അവരുടെ കാറ്റഗറി 'ജനറൽ' എന്ന് രേഖപ്പെടുത്തുക.
8. എൻ.എം.എം സ്കോളർഷിപ്പുകൾ അപേക്ഷിക്കുന്ന കുട്ടികൾ Competitive Exam Passed എന്ന കോളത്തിൽ എൻ.എം.എം എന്ന് സെലക്ട് ചെയ്ത ശേഷം, അവരുടെ പരീക്ഷ റോൾ നമ്പർ, പരീക്ഷ നടത്തിയ വർഷം (നവംമ്പർ 2018), സ്റ്റേറ്റ് എന്നിവ കൃത്യമായി രേഖപ്പെടുത്തുക.
9. <u>ഓൺലൈൻ അപേക്ഷ സമർപ്പിക്കാത്ത കുട്ടികൾക്ക് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.</u>

**National Means-cum-Merit Scholarship - ന് അർഹരായ എല്ലാ കുട്ടികളും ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.**

## <u>അപേക്ഷകർക്കുള്ള പൊതുനിർദ്ദേശങ്ങൾ</u>

എല്ലാ സ്കൂളുകളും നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ പുതിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക. ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ (എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി.ഇ) ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ സ്കൂളുകൾക്ക് നൽകേണ്ടതാണ്. വിവിധ കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അർഹതയുള്ള എല്ലാ കുട്ടികളും ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് എല്ലാ പ്രഥമാദ്ധ്യാപകരും/ പ്രിൻസിപ്പാൾമാരും കുട്ടികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന സ്കൂളുകളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും വ്യക്തവും കൃത്യതയുള്ളതും ആയിരിക്കണം.

1) <u>കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി, 2019 ഒക്ടോബർ 15 ആണ്.</u>

2) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന മൊബൈൽ ഫോൺ നമ്പർ ഒരു കാരണവശാലും മാറ്റാൻ പാടുള്ളതല്ല.

3) സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുമ്പോൾ ചുവടെപ്പറയുന്ന വിവരങ്ങൾ കരുതേണ്ടതാണ് / ഓർത്തിരിക്കേണ്ടതാണ്.

a) കുട്ടിയുടെ ജനനതീയതി
b) കുട്ടിയുടെ ആധാർ നമ്പർ
c) കുട്ടിയുടെ ആധാർ ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ട്, ഐ.എഫ്.എസ് കോഡ്, ബാങ്കിന്റെ പേര്
d) കുട്ടിയ്ക്ക് കഴിഞ്ഞ വാർഷിക പരീക്ഷയിൽ ലഭിച്ച മാർക്ക് / ശതമാനം
e) സ്കൂളിലെ ഫീസ് സംബന്ധിച്ച വിവരങ്ങൾ
f) കുടുംബത്തിന്റെ വാർഷിക വരുമാനം
g) മൊബൈൽ ഫോൺ

4) അപേക്ഷകരായ കുട്ടികളുടെ വ്യക്തിഗത വിവരങ്ങളും (പേര്, ജനന തീയതി, ക്ലാസ് തുടങ്ങിയവ) സ്കൂളിന്റെ വിവരങ്ങളും ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങളും ഓൺലൈൻ അപേക്ഷയിൽ ശ്രദ്ധയോടെ പൂരിപ്പിക്കേണ്ടതാണ്.

5) ഓൺലൈൻ അപേക്ഷയിൽ നൽകുന്ന തെറ്റായ വിവരങ്ങൾ പിന്നീട് തിരുത്താൻ സാധിക്കുന്നതല്ല.

6) അപേക്ഷകരായ കുട്ടികൾ അവരുടെ ബാങ്ക് അക്കൗണ്ട് ആധാറുമായി ലിങ്ക് ചെയ്യേണ്ടതാണ്.

7) കുട്ടികൾ ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ നൽകുന്ന മൊബൈൽ ഫോൺ നമ്പറിൽ സ്കോളർഷിപ്പ് സംബന്ധിച്ച അറിയിപ്പ്/നിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്. ആയതിനാൽ ഫോൺ നമ്പർ ഇടയ്ക്കിടെ മാറ്റാതിരിക്കുക.

8) ഓൺലൈൻ അപേക്ഷയോടൊപ്പം മറ്റ് രേഖകൾ (വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ആധാർ തുടങ്ങിയവ) ഒന്നും സ്കാൻ ചെയ്ത് അയയ്ക്കുവാൻ പാടുള്ളതല്ല. എന്നാൽ, ആധാർ നമ്പർ ലഭിച്ചിട്ടില്ലാത്ത കുട്ടികൾ, രജിസ്ട്രേഷൻ സമയം ബാങ്ക് പാസ് ബുക്ക് സ്കാൻ ചെയ്ത് സബ്മിറ്റ് ചെയ്യേണ്ടതും, ഓൺലൈൻ അപേക്ഷ പൂരിപ്പിച്ച ശേഷം, ഫൈനൽ സബ്മിഷന് മുൻപ് സ്കൂൾ തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ പ്രഥമാധ്യാപകന്റെ സാക്ഷ്യപത്രം സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യേണ്ടതാണ്.

9) അപേക്ഷകരായ കുട്ടികളുടെ ആധാർ, ബാങ്ക് അക്കൗണ്ട്, സ്കൂൾ രേഖ തുടങ്ങിയവയിൽ രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ അപേക്ഷയിലെ വിവരങ്ങളുമായി ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

10) സ്കൂളുകളിൽ ഓൺലൈൻ സ്കോളർഷിപ്പ് അപേക്ഷകൾ സമർപ്പിക്കുന്നതിന് ഐറ്റി കോ-ഓർഡിനേറ്റർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

11) ഓൺലൈൻ അപേക്ഷകൾ അന്തിമമായി സമർപ്പിച്ച ശേഷം പ്രിന്റെടുത്ത് സൂക്ഷിക്കുക.

12) സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രഥമാദ്ധ്യാപകർ/ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ടതാണ്.

13) അപേക്ഷകരായ കുട്ടികൾ നൽകുന്ന ബാങ്ക് അക്കൗണ്ടും മൊബൈൽ നമ്പരും ഇടയ്ക്ക് വച്ച് മാറ്റാതിരിക്കുക.

14) അപേക്ഷകരായ കുട്ടികളുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട്, ഐ.എഫ്.എസ് കോഡ് എന്നിവ തെറ്റായി രേഖപ്പെടുത്തിയാൽ സ്കോളർഷിപ്പ് നഷ്ടപ്പെടുന്നതാണ്.

15) കഴിഞ്ഞ വർഷം സ്കോളർഷിപ്പ് ലഭിച്ച എല്ലാ കുട്ടികളും ഈ വർഷം സ്കോളർഷിപ്പ് പുതുക്കൽ (റിന്യൂവൽ) അപേക്ഷ നൽകേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ***www.scholarships.gov.in***
എന്ന വെബ്സൈറ്റ് സന്ദർശിക്കുക

സംശയ നിവാരണങ്ങൾക്ക്: **0471-2580583, 0471-2328438, 9496304015, 8330818477** എന്നീ നമ്പരുകളിൽ വിളിക്കേണ്ടതാണ്.

ഞങ്ങളുടെ വെബ്സൈറ്റ് : ***www.education.kerala.gov.in***
ഞങ്ങളുടെ ഇ-മെയിൽ : ***dgescholarship@gmail.com***

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**
**(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി)**

പകർപ്പ് :-
1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE } പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളിലെയും പ്രഥമാദ്ധ്യാപകർക്കും